# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1610 05.02.2019 ൽ മറുപടിയ്ക്ക്

**തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി**

ചോദ്യം

ശ്രീ. പി.ടി തോമസ്

മറുപടി

ശ്രീ എ.സി മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ സെക്രട്ടറി പി.എസ്സ് ഷിബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രാജേന്ദ്രൻ എന്നിവർ സർവ്വീസിൽ പ്രവേശിച്ച ശേഷം അവർക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ: | (എ) & (ബി) | ഉണ്ട്. തൃക്കാക്കര നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച വരുന്ന ശ്രീ.പി.എസ്സ്.ഷിബുവിനെതിരെ ശ്രീമതി. മഞ്ജു സുധീരൻ സർക്കാരിൽ സമർപ്പിച്ച പരാതി റിപ്പോർട്ടിനായി നഗരകാര്യ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. കൂടാതെ തൃക്കാക്കര നഗരസഭാ ചെയർപേഴ്സൺ ശ്രീമതി.എം.റ്റി.ഓമനയും ശ്രീ.പി.എസ്.ഷിബുവിനെതിരെ പരാതി നൽകിയിരുന്നു. രണ്ട് പരാതികളും റിപ്പോർട്ടിനായി നഗര കാര്യ ഡയറക്ടർ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് അയച്ച കൊടുത്തതായി അറിയിച്ചിട്ടുണ്ട്.<br>ശ്രീ.ഷിബു പി.എസ് നെതിരെ വകുപ്പുതല നടപടിയോ ശിക്ഷണ നടപടിയോ നിലവിലില്ലാത്തതാണ്.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജേന്ദ്രനെതിരെ സ്വീകരിച്ച വകുപ്പ് തല നടപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കീഴ്മാട് ഗ്രാമപഞ്ചായത്തിലെ റോഡ് പണിയിലെ അപാകതയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.രാജേന്ദ്രനെതിരെ വി. സി. 28 /16/ഇ. കെ.എം. നമ്പരായി വിജിലൻസ് കേസ് |
| (ബി) | ഇതുവരെ എന്തെങ്കിലും വകുപ്പുതല അന്വേഷണം ഇവർക്കെതിരെ നടത്തിയിട്ടുണ്ടോ എന്നും വകുപ്പുതല നടപടികൾക്ക് വിധേയരായിട്ടുണ്ടോ എന്നും വിശദമാക്കാമോ: | | |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ക്ലാസിക് അപ്പാർട്ട്മെന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.രാജേന്ദ്രനെതിരെ കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു.<br>തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ റസിഡൻഷ്യൽ അപ്പാർട്ടമെന്റിന് ചട്ടങ്ങൾ ലംഘിച്ച് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ.രാജേന്ദ്രനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br>കൊച്ചി കോർപറേഷനിൽ ജോലിയിലിരിക്കേ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട പരാതിയിന്മേൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.<br>വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് എലഗന്റ് ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി ആരംഭിച്ചിരുന്നെങ്കിലും പിന്നീട് അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. |
| (സി) | പി.എസ്സ് ഷിബുവിന് 29.11.18- ലെ ഇ.2 18948/18 നമ്പർ കത്ത് പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇല്ലെങ്കിൽ മറുപടി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | ശ്രീ.ഷിബു പി.എസ് കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ